THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"

# കർണൻ

അർത്ഥമെഴുതുക
ആരോമൽപ്പൈതൽ-ഓമനയായ ആൺകുട്ടി
ഉരയ്ക്കുക-പറയുക
രാധേയൻ-രാധയുടെ പുത്രൻ
കാനീനൻ-ആദ്യം പിറന്നവൻ
രത്നാകരം-സമുദ്രം
പാരിജാതം-സ്വർഗീയ പുഷ്പം
ജനയിത്രി-മാതാവ്
കാന്തൻ-ഭർത്താവ്
കാശ്യപിസൂതജൻ-അരുണന്റെ പുത്രൻ
മാതൃക പോലെ എഴുതുക
ദാശരഥി-ദശരഥന്റെ പുത്രൻ
രാധേയൻ:രാധയുടെ പുത്രൻ
ആധിരഥി:അധിരഥന്റെ പുത്രൻ
കാശ്യപി:കശ്യപന്റെ പുത്രൻ
കൗന്തേയൻ:കുന്തിയുടെ പുത്രൻ
വിഗ്രഹിച്ച് എഴുതുക
പൊങ്ങുതടി-പൊങ്ങിക്കിടക്കുന്ന തടി
വെൺനുര-വെളുത്ത നുര
സൂതകുലം-സൂതരുടെ കുലം
പാലാഴിപ്പൈതൽ-പാലാഴിയുടെ പൈതൽ
ഒറ്റവാക്കെഴുതുക
രത്നത്തിന് ആകാരമായിട്ടുള്ളത് -രത്നാകരം
അശ്രുകൊണ്ടുള്ള നദി-അശ്രുനദി
തത്ത്വത്തിന്റെ പരീക്ഷ-തത്ത്വപരീക്ഷ
താപസൻ നൽകിയ മന്ത്രം-താപസ മന്ത്രം

ഉത്തരമെഴുതുക

**1.**കർണന്റെ മഹത്വം പ്രഖ്യാപിക്കുന്ന വരികൾ ഏവ**?** ആ വരികളുടെ ആശയം എന്ത്**?**
ഉത്തരം:പാലാഴിപ്പൈതലാം പാരിജാതത്തെയോ
കാളിക്കുളമ്പുചാൽ പെറ്റിടുന്നു?
പാണ്ഡുരകീർത്തിയാം നിൻ ജനയിത്രിയ-
പ്പാണ്ഡവമാതാവാം കുന്തീദേവി

ഉള്ളൂരിന്റെ കർണഭൂഷണം എന്ന കൃതിയിൽ നിന്നെടുത്ത ഒരു ഭാഗമാണ് കർണൻ എന്ന പാഠഭാഗം. സൂര്യൻ കർണനോട് പറയുകയാണ് നീ പാലാഴിയുടെ പൈതലാണ്. അങ്ങനെയുള്ള നിന്നെ എങ്ങനെയാണ് കാളിക്കുളമ്പുചാൽ പ്രസവിക്കുന്നത്. വർദ്ധിച്ച കീർത്തിയുള്ള നിന്റെ മാതാവ് പാണ്ഡവരുടെ മാതാവായ കുന്തിതന്നെയാണ്.

2. താപസമന്ത്രത്തിൻ തത്ത്വപരീക്ഷയാം കവി ഇവിടെ ഉദ്ദേശിക്കുന്നതെന്ത്?

ദുർവാസാവ് മഹർഷി നൽകിയ വരം നിമിത്തം കുന്തീദേവി ആരെ മനസ്സിൽ വിചാരിക്കുന്നുവോ ആ ആളിൽ നിന്ന് കുന്തിക്ക് പുത്രനെ ലഭിക്കും. ഈ വരം പരീക്ഷിക്കാൻ തീരുമാനിച്ച കുന്തി സൂര്യഭഗവാനെ സ്മരിക്കുന്നു. ഇതിൻ നിമിത്തം കുന്തിക്ക് സൂര്യഭഗവാനിൽ നിന്ന് പിറന്ന പുത്രനാണ് കർണൻ. ഇതാണ് കവി താപസമന്ത്രത്തിൻ തത്ത്വപരീക്ഷയാം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

3.കണ്ടേൻ ഞാൻ സൂര്യൻ എന്ത് കണ്ടെന്നാണ് വ്യക്തമാക്കുന്നത്?

പിറന്ന സമയത്തുതന്നെ കുന്തി കുഞ്ഞിനെ പേടകത്തിൽ അടച്ചിട്ട് നദിയിൽ ഒഴുക്കി വിടുന്നു. പല നദികളിലൂടെ ഒഴുകി ആ കുഞ്ഞിനെ വഹിച്ചുകൊണ്ടുള്ള പേടകം രാധയിൽ എത്തുന്നു. ആ കുഞ്ഞിനെ രാധ സ്വീകരിക്കുന്നത് മറ്റൊന്നും ചെയ്യാനാവാതെ സൂര്യൻ നോക്കിനിന്നു.

4.കർണൻ സൂതകുലത്തിൽ ജനിച്ചവനല്ലെന്ന് സൂര്യൻ ആലങ്കാരികമായി വ്യക്തമാക്കുന്നതെങ്ങനെ?

ആരോമൽക്കുഞ്ഞേ നീ ആരാണെന്നു പറഞ്ഞു കഷ്ടം തന്നെ!നീ രാധയുടെ പുത്രനല്ല, അധിരഥന്റെ പുത്രനുമല്ല, നീ സൂതകുലത്തിൽ ജനിച്ചവനുമല്ല. പാലാഴിപ്പൈതലാകുന്ന പാരിജാതമലരിനെ കാലിയുടെ കുളമ്പുചാൽ എങ്ങനെയാണ് പ്രസവിക്കുക. വർധിച്ച കീർത്തിയുള്ള നിന്റെ മാതാവ് പാണ്ഡവരുടെ അമ്മയായ കുന്തിദേവിയാണ്